LIBRARY ARCHIVES Kerala Legislative Assembly

മംഗലപ്പാടി പി.എച്ച്.സി. കമ്മ്യൂണിറ്റി സെന്റർ ആയി ഉയർത്താൻ നടപടി

141 [146] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ മംഗലപ്പാടി പി.എച്ച്.സി.-യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിശോധിക്കുന്നതാണ്.

നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രിയുടെ നവീകരണവും നിയമനങ്ങളും

142 [147] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം ഗവൺമെന്റ് രാമറാവു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതുതായി അനുവദിച്ച തസ്തികകളിലേക്ക് ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനർവിന്യാസത്തിലൂടെ തസ്തികകൾ നികത്തുന്നതിനുള്ള ചില തടസ്സങ്ങളാണ് കാലതാമസത്തിന് കാരണം.

(ബി) ഡോക്ടർമാരെ നിയമിച്ചിട്ടില്ല. രണ്ട് സ്റ്റാഫ് നേഴ്സിനേയും ഒരു ഓഫ്താൽമിക് അസിസ്റ്റന്റിനേയും പുനർവിന്യാസം വഴി നിയമിച്ചിട്ടുണ്ട്.

(സി) പുനർവിന്യാസം വഴി ഡോക്ടർമാരെ നിയമിക്കാൻ ശ്രമിച്ചുവരുന്നു.

ഓഫ്താൽമിക് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം

143 [148] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ അധീനതയിൽ ഓഫ്താൽമിക് മൊബൈൽ യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങിയിട്ട് എത്രനാളായി;

(ബി) ഈ മൊബൈൽ യൂണിറ്റ് ഏതുതരം വാഹനത്തിലാണ് പ്രവർത്തിക്കുന്നത്;